# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -2752 | 17.10.2016-ൽ മറുപടിക്ക് |

## സ്പോർട്സ് ലോട്ടറി അഴിമതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യ മന്ത്രി) | |
| എ) | സംസ്ഥാന സർക്കാർ നടപ്പിലാക്കിയ സ്പോർട്സ് ലോട്ടറിയിലെ അഴിമതി സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് മുൻ സ്പോർട്സ് കൗൺസിൽ പ്രസിഡന്റിന്റെ അപേക്ഷയിൽ വിജിലൻസ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | എ) | വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ തിരുവനന്തപുരം യൂണിറ്റിൽ ക്യൂ.വി.16/16 നമ്പരായി സ്പോർട്സ് കൗൺസിലിലെ ക്രമക്കേടുകൾ സംബന്ധിച്ച് ഒരു സത്വര അന്വേഷണം നടന്നു വരുന്നു. കൂടാതെ മുൻ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് സമർപ്പിച്ച സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം സ്പോർട്സ് ലോട്ടറിയിൽ നടത്തിയ ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ബി) | സ്പോർട്സ് ലോട്ടറിയിൽ എന്തെല്ലാം ക്രമക്കേടുകളും നിയമ ലംഘനങ്ങളും നടന്നതായിട്ടാണ് പ്രാഥമിക അന്വേഷണങ്ങളിൽ ബോദ്ധ്യപ്പെട്ടതെന്ന് വ്യക്തമാക്കുമോ; | ബി) | അന്വേഷണം പൂർത്തിയായാൽ മാത്രമേ എന്തെല്ലാം ക്രമക്കേടുകളും നിയമ ലംഘനങ്ങളും നടന്നുവെന്ന് വ്യക്തമാവുകയുള്ളൂ. |
| സി) | കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ? | സി) | അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

Rashmi T.

സെക്ഷൻ ഓഫീസർ